പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 171

26.09.2011-ൽ
മറുപടി നൽകേണ്ടിയിരുന്നത്.

## സംസ്ഥാനത്തെ കോടതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം കേസുകളാണിപ്പോൾ സി.ബി.ഐ. അന്വേഷണത്തിലിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ സി.ബി.ഐ-യുടെ ബ്രാഞ്ചുകളിൽ അന്വേഷിക്കുന്ന കേസുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സി.ബി.ഐ. അന്വേഷണത്തിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ട ഏതെല്ലാം കേസ്സുകളിൽ ഇതുവരെ അതിന് തയ്യാറായിട്ടില്ലെന്ന് വിശദമാക്കുമോ ; | (ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം, സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട കേസുകളിൽ ഒന്നിൽപോലും അന്വേഷണം ഏറ്റെടുക്കുവാൻ തയ്യാറല്ലെന്ന് സി.ബി.ഐ-ൽ നിന്നും നാളിതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

.......2

അനുബന്ധം
മേശപ്പുറത്ത്
വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് എത്ര സി.ബി.ഐ. കോടതി പ്രവർത്തിക്കുന്നുണ്ട് ; പുതിയ കോടതി സ്ഥാപിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ; | (സി & ഡി) | സംസ്ഥാനത്ത് നിലവിൽ രണ്ട് സി.ബി.ഐ. കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ SPE, CBI കേസ്സുക ളുടെ വിചാരണയ്ക്കായി 20.09.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നംപർ. 205/2011/ ആഭ്യന്തരം പ്രകാരം തിരുവനന്ത പുരത്ത് ഒരു അഡീഷണൽ സെഷൻസ് കോടതി 26.09.2011 മുതൽ ആരംഭിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജുഡീഷ്യൽ ജില്ലകളിലാ യിരിക്കും ടി കോടതിയുടെ അധികാരപരിധി. ടി കോടതിക്ക് ഫർണീച്ചറും മറ്റും വാങ്ങുന്നതി ലേയ്ക്കായി 9,76,196/- (ഒമ്പത് ലക്ഷത്തി എഴുപത്തി ആറായി രത്തി നൂറ്റി തൊണ്ണൂറ്റി ആറ്) രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് നം.2659/2011/ആഭ്യന്തരം തീയതി 01.09.2011 പ്രകാരം നൽകിയിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരത്തെ സി.ബി.ഐ. കോടതി എന്ന് നിലവിൽ വരും പ്രസ്തുത കോടതിയുടെ അധികാര പരിധി ഏതെല്ലാം സ്ഥലങ്ങൾ ഉൾപ്പെട്ടതായിരിക്കും ; | | |
| (ഇ) | നിലവിലുള്ള സി.ബി.ഐ. കോടതികളിൽ എത്ര കേസുകൾ തീർപ്പാക്കാനായി ബാക്കിയുണ്ട് ? | (ഇ) | സംസ്ഥാനത്തെ നിലവിലുള്ള സി.ബി.ഐ. കോടതികളിൽ 205 കേസുകൾ തീർപ്പാക്കാനായി ബാക്കിയുണ്ട്. |

Mayhely

സെക്ഷൻ ഓഫീസർ.